**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2029</u>** **<u>29-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ഓൺലൈൻ പ്രോപ്പർട്ടി രജിസ്ട്രേഷൻ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സബ് രജിസ്ട്രാർ ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം വ്യക്തമാക്കാമോ; | (എ) | സബ് രജിസ്ട്രാർ ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം 2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ്  സംവിധാനം 3. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികളുടെ ത്വരിതപ്പെടുത്തൽ 4. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം. 5. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി  ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം. 6. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം. 7. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം. 8. ഒരു ജില്ലക്കകത്തുള്ള ഏത് സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Anywhere Registration' സംവിധാനം . |
| (ബി) | പ്രോപ്പർട്ടി രജിസ്ട്രേഷൻ ഓൺലൈൻ | (ബി) | പ്രോപ്പർട്ടി രജിസ്ട്രേഷൻ ഓൺലൈൻ |

| | | | |
|---|---|---|---|
| | ആക്കുന്നതിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിലേക്കുള്ള സന്ദർശനം പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുമോ; ഇതിനായി പ്രത്യേക നിർദ്ദേശങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ അറിയിക്കാമോ; | | ആക്കുന്നതിലൂടെ ആധാര രജിസ്ട്രേഷനായി സബ് രജിസ്ട്രാർ ഓഫീസുകളിലേക്കുള്ള സന്ദർശനം നിയമപ്രകാരം ഒഴിവാക്കാൻ കഴിയില്ല. ഇതു സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും നിലവില്ല. |
| (സി) | രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനങ്ങളെക്കുറിച്ച് അറിയുന്നതിനായി ഹെല്പ് ഡെസ്ക് നിലവിലുണ്ടോ; ഇത് സംബന്ധിച്ച് വടകര താലൂക്ക് തലത്തിലെ വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനങ്ങളെക്കുറിച്ച് അറിയുന്നതിനായി വകുപ്പിന്റെ ആസ്ഥാന ഓഫീസിൽ ഹെൽപ്പ് ഡെസ്ക് നിലവിലുണ്ട്. താലൂക്ക് തലത്തിൽ ഹെൽപ്പ് ഡെസ്ക്ക് നിലവിലില്ല. |
| (ഡി) | സംസ്ഥാനത്തൊട്ടാകെ എത്ര ഓൺലൈൻ പ്രോപ്പർട്ടി രജിസ്ട്രേഷൻ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) | സംസ്ഥാനത്ത് ഓൺലൈൻ പ്രോപ്പർട്ടി രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടില്ല. |
| (ഇ) | ഹൈവേ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട അധിക ജോലി കാരണം സബ് രജിസ്ട്രാർ ഓഫീസുകളിൽ വരുത്തിയ ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഹൈവേ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട അധിക ജോലി കാരണം സബ് രജിസ്ട്രാർ ഓഫീസുകളിൽ നിലവിൽ ഒരു ക്രമീകരണവും ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ